# നവകേരളം വാർത്ത

ന്യൂസ്‌ലെറ്റർ

2024 ഡിസംബർ വാല്യം 1

ഓൺലൈൻ വായനയ്ക്ക്

43


## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ കൂടുതൽ ഊർജിതമാക്കും : മുഖ്യമന്ത്രി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജനങ്ങളെ അണിനിരത്തി മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ കൂടുതൽ ഊർജിതമാക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ച യോഗം തീരുമാനിച്ചു. വാർഡ്തല നിർവഹണ സമിതികൾ ചേർന്നാവും ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർ തദ്ദേശസ്ഥാപനങ്ങളുടെ യോഗം വിളിച്ച് നിർവഹണ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കണം.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് സ്വകാര്യ സംരംഭകരുടെ നൂതന സാങ്കേതിക വിദ്യകൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കാനുള്ള കാലതാമസം പരിഹരിക്കുന്നതിന് ശുചിത്വമിഷൻ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് എന്നിവയുടെ തീരുമാനങ്ങൾ ത്വരിതപ്പെടുത്തും. ദ്രവമാലിന്യ സംസ്കരണത്തിന് പബ്ലിക്



പ്രൈവറ്റ് പാർട്ണർഷിപ്പ് സുഗമമായി നടപ്പിലാക്കാനും പരിപാലിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകും. മൂന്നാർ ഗ്രീൻകോറിഡോർ പോലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വ്യത്യസ്ത പദ്ധതികൾക്ക് സർക്കാർ അനുമതി ലഭ്യമാക്കാനുള്ള കാലതാമസം ഒഴിവാക്കും. ഇത്തരം അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പരമാവധി രണ്ടാഴ്ച്ചയ്ക്കം അനുമതി നൽകണമെന്നും യോഗം തീരുമാനിച്ചു. സമ്പൂർണ ശുചിത്വ പ്രഖ്യാപനത്തിന്റെ മുന്നൊരുക്കങ്ങളും വിലയിരുത്തി. അയൽക്കൂട്ടങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവ നൂറു ശതമാനം ഹരിതമാക്കുന്നതിന്റെ പ്രഖ്യാപനം 2025 മാർച്ച് 30 നകം നടക്കും. 2025 ജനുവരി 26 ന് സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളെയും ഹരിത ഓഫീസുകളായി പ്രഖ്യാപിക്കും. 27.11.2024 ന് ചേർന്ന യോഗത്തിൽ മന്ത്രി എം.ബി. രാജേഷ്,



ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ ജല ബജറ്റ് പ്രകാശനം

എറണാകുളം ജില്ലയിലെ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആലങ്ങാട്, കടുങ്ങല്ലൂർ, കരുമാലൂർ, വരാപ്പുഴ ഗ്രാമപഞ്ചായത്തുകളിൽ തയ്യാറാക്കിയ ജലബജറ്റിന്റെ പ്രകാശനം മന്ത്രി പി.രാജീവ് നിർവഹിച്ചു. ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ് അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് എം.ആർ. രാധാകൃഷ്ണൻ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്., ജന




പ്രതിനിധികൾ, മറ്റു ഉദ്യോഗസ്ഥർ, ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ പങ്കെടുത്തു.

## അടിസ്ഥാന സൗകര്യവികസനം വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപം

സ്കൂളുകളിൽ അടിസ്ഥാനസൗകര്യ വികസനമെന്നത് ഒരു ലക്ഷ്യത്തിലേക്കുള്ള ഉപാധി മാത്രമല്ലെന്നും കുട്ടികളുടെ സ്വപ്നങ്ങളിലും അഭിലാഷങ്ങളിലുമുള്ള നിക്ഷേപം കൂടിയാണെന്നും മന്ത്രി വി.ശിവൻകുട്ടി. തിരുവനന്തപുരം ജില്ലയിലെ മൂന്ന് സ്കൂളുകളിൽ ബഹുനില മന്ദിരങ്ങളുടെയും ലാബ് ബ്ലോക്കിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. മിതൃമ്മല ബോയ്സ് ഹയർ



സെക്കൻഡറി സ്കൂളിൽ ഒരു കോടി രൂപ മുടക്കി നിർമിച്ച ഹയർ സെക്കൻഡറി ലാബ് ബ്ലോക്കും നെടുമങ്ങാട്, കൊല്ല, ഭരതന്നൂർ ഗവ. എൽ.പി.എസ്. എന്നിവിടങ്ങളിൽ ഓരോ കോടി രൂപ വീതം ചെലവഴിച്ച് നിർമിച്ച ബഹുനില മന്ദിരങ്ങളുമാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്. ചടങ്ങിൽ ഡി.കെ. മുരളി എം.എൽ.എ. അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി. കോമളം, കല്ലറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.ജെ. ലിസി, പി.ടി.എ. പ്രസിഡന്റ് സുനിൽ കെ. നായർ, പ്രഥമാധ്യാപിക ജെ. ശശികല എന്നിവർ സംസാരിച്ചു.

# എഡിറ്റോറിയൽ

## 'ഇനി ഞാനൊഴുകട്ടെ' മൂന്നാം ഘട്ടം



ജലസംരക്ഷണം, ജല സുരക്ഷ എന്നീ മേഖലകളിൽ സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധമുള്ള ക്രിയാത്മക പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടുവർഷങ്ങളിലായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടന്നത്. ജലമാണ് ജീവൻ ബോധവത്കരണ ക്യാമ്പയിൻ, പുഴകൾക്ക് പുതുജീവനേകിയുള്ള നദി പുനരുജ്ജീവന പ്രവർത്തനങ്ങൾ, ജലഗുണനിലവാര പരിശോധനാ ലാബുകൾ, നീർച്ചാലുകളെ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന മാപത്തോൺ, രാജ്യത്താദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ജലബജറ്റ്, ക്വാറികളിലെ ജലം കൃഷിയിടങ്ങളിലേക്ക് തുടങ്ങി നിരവധി നൂതന കർമപദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പാക്കിയത്. ഇതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ക്യാമ്പയിനാണ് ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ'. ഈ ക്യാമ്പയിൻ ഇതിനകം രണ്ടുഘട്ടങ്ങൾ പൂർത്തീകരിച്ചു. ഇതിലൂടെ 24741 നീർച്ചാലുകളിലായി 82351.65 കി.മീ. ദൂരം ശുചീകരിച്ച് സുഗമമായ ഒഴുക്ക് സാധ്യമാക്കി. 422 കി.മീ. പുഴകൾ ശുചീകരിച്ചു. 28914 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. 24164 കുളങ്ങൾ നിർമ്മിച്ചു. 698 സ്ഥിരം തടയണകളും 67770 താൽക്കാലിക തടയണകളും നിർമ്മിച്ചു.

കേരളത്തെ മാതൃകാപരമാംവിധം ശുചിത്വമുള്ള സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ സംസ്ഥാനത്തെ മുഴുവൻ നീർച്ചാലുകളും ജലസ്രോതസ്സുകളും ശുചീകരിച്ച് വീണ്ടെടുക്കുന്ന പ്രവർത്തനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ലക്ഷ്യം നേടാനായി 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാംഘട്ടത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചിരിക്കുകയാണ്.

നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരങ്ങളുടെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്രയജ്ഞത്തിൽ അതിപ്രധാനമാണ് നീർച്ചാലുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടുള്ള ഇനി ഞാനൊഴുകട്ടെ ക്യാമ്പയിൻ.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# കാനാമ്പുഴ ആദ്യഘട്ടം ഡിസംബർ 26 ന് മുഖ്യമന്ത്രി നാടിന് സമർപ്പിക്കും

സംസ്ഥാനത്തെ സഫലമായ നദീ പുനരുജ്ജീവന പദ്ധതിയായ കണ്ണൂർ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഒന്നാം ഘട്ടം 2024 ഡിസംബർ 26 ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ഉദ്ഘാടന പരിപാടിയുടെ ഭാഗമായി വിപുലമായ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പുരാവസ്തു - മ്യൂസിയം - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ കണ്ണൂർ ഹരിതകേരളം മിഷൻ ഓഫീസിൽ ചേർന്ന കാനാമ്പുഴ പുനരുജ്ജീവനം പദ്ധതി അവലോകന യോഗം തീരുമാനിച്ചു. കാനാമ്പുഴ പുനരുജ്ജീവനം പദ്ധതി സമിതി കൺവീനർ എൻ. ചന്ദ്രൻ യോഗത്തിൽ കരട് രേഖ അവതരിച്ചു. നവകേരളം കർമപദ്ധതി അസി. കോർഡിനേറ്റർ ടി.പി. സുധാകരൻ റിപ്പോർട്ട് അവതരിപ്പിച്ചു.



കാനാമ്പുഴയുടെ വീണ്ടെടുപ്പ് ഉദ്ഘാടനം ജനകീയ ഉത്സവമായി നടത്താൻ വിപുലമായ ഒരുക്കങ്ങൾക്ക് യോഗം രൂപം നല്കി. മുണ്ടേരി പഞ്ചായത്തിലെ അയ്യപ്പൻ മലയിൽ നിന്ന് ആരംഭിച്ച് അറബിക്കടലിൽ ചേരുന്ന കാനാമ്പുഴയെ വീണ്ടെടുക്കാൻ പുനരുജ്ജീവന സമിതിയും ഹരിതകേരളം മിഷനും ജലസേചന വകുപ്പും മറ്റ് വിവിധ വകുപ്പുകളും നടത്തിയ ഒരുമിച്ചുള്ള പ്രവർത്തനങ്ങളാണ് ഫലപ്രാപ്തിയിൽ എത്തുന്നത്.

കാനാമ്പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളും തുടർപ്രവർത്തനങ്ങളും ഉൾചേർത്തുകൊണ്ടുള്ള ജനകീയ സെമിനാർ ചൊവ്വ ബാങ്ക് ഹാളിൽ വച്ച് ഡിസംബർ 24 ന് നടത്തും. ഡിസംബർ 24,25, 26 തീയതികളിൽ കാനാമ്പുഴ ഫോട്ടോ പ്രദർശനവും അനുബന്ധ പരിപാടിയായി സംഘടിപ്പിക്കും.

താഴെ ചൊവ്വ ചീപ്പ് പാലം മുതൽ തിലാന്നൂർ ശിശുമന്ദിരം റോഡ് വരെയുള്ള ഭാഗമാണ് ഒന്നാംഘട്ടത്തിൽ പൂർത്തീകരിച്ചത്. പുഴയിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് കരിങ്കൽ പാർശ്വഭിത്തി നിർമ്മിക്കുകയും പാടശേഖരങ്ങളിലെ ജലസേചനാവശ്യത്തിനായി നീർച്ചാലുകൾ നിർമിക്കുകയും ചെയ്തു. പുഴയുടെ ഇരുവശങ്ങളിലും നടപ്പാത നിർമ്മിച്ച്, കയർ ഭൂവസ്ത്രം വിരിച്ച് തെരുവുവിളക്കുകൾ സ്ഥാപിച്ചിരുന്നു. പ്രവൃത്തി നടപ്പാക്കിയതോടെ എളയാവൂർ, പെരിങ്ങളായി പാടശേഖരങ്ങളിലേക്കുള്ള ജലസേചന സൗകര്യം വർധിക്കുകയും കാർഷികാഭിവൃദ്ധി നേടുകയും ചെയ്തു. കൂടാതെ, കാനാമ്പുഴയുടെ സൗന്ദര്യം വീണ്ടെടുക്കുകയും പൊതുജനങ്ങൾക്ക് കാൽനടയാത്രയ്ക്ക് ഉപകാരപ്പെടുന്ന രീതിയിൽ നടപ്പാത നിർമ്മിക്കുകയും സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുകയും ചെയ്തു.



## രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കേരളം : മന്ത്രി വീണാ ജോർജ്



പരമാവധി പേർക്ക് സൗജന്യ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ സർക്കാരിന്റെ ആരംഭത്തിൽ 2.5 ലക്ഷം ആളുകൾക്കാണ് പ്രതിവർഷം സൗജന്യ ചികിത്സ നൽകിയതെങ്കിൽ 2024ൽ 6.5 ലക്ഷം പേർക്കാണ് സൗജന്യ ചികിത്സ നൽകിയത്. തുടർച്ചയായി മൂന്ന് വർഷം ഇന്ത്യയിൽ ഏറ്റവും അധികം സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ ഈ നേട്ടം മറ്റ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാനും മറ്റ് സംസ്ഥാനങ്ങളുടെ അനുഭവങ്ങൾ സ്വാംശീകരിക്കാനുമായി സംഘടിപ്പിച്ച ദേശീയ ശിൽപശാല 'അനുഭവ സദസ് 2.0' ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. വിവിധ സൗജന്യ ചികിത്സകൾക്കായി പ്രതിവർഷം 1600 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. എന്നാൽ മൊത്തം ചെലവിന്റെ 10 ശതമാനം മാത്രമാണ് കേന്ദ്രം അനുവദിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

## വയനാട് ജില്ലയിലെ ഹരിത സ്ഥാപന പ്രഖ്യാപനം മന്ത്രി ഒ.ആർ. കേളു നിർവഹിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായുള്ള മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ വയനാട് ജില്ലാതല ഉദ്ഘാടനം തിരുനെല്ലി പഞ്ചായത്ത് ഹാളിൽ മന്ത്രി ഒ.ആർ. കേളു ഉദ്ഘാടനം ചെയ്തു. തിരുനെല്ലി പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.ടി. വത്സല കുമാരി അധ്യക്ഷയായി. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു റിപ്പോർട്ട് അവതരിപ്പിച്ചു. എ.ഡി.എം. കെ. ദേവകി മുഖ്യ പ്രഭാഷണം നടത്തി. ബ്ലോക്ക്



പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ. കെ. ജയഭാരതി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. ഹർഷൻ, കുടുംബശ്രീ ജില്ലാ കോർഡിനേറ്റർ പി. കെ. ബാലസുബ്രഹ്മണ്യൻ, ജില്ലാ പഞ്ചായത്തംഗം എ.എൻ. സുശീല, ബ്ലോക്ക് പഞ്ചായത്തംഗം ബി. എം. ബിമല, തിരുനെല്ലി പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ പി.എൻ ഹരീന്ദ്രൻ, സ്ഥിരം സമിതി ചെയർപേഴ്സൺ റുഖിയ സൈനുദ്ദീൻ എന്നിവർ സംസാരിച്ചു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി കൈകോർത്ത് കെ.എസ്.ആർ.ടി.സി.

സംസ്ഥാനത്തെ എല്ലാ കെ.എസ്.ആർ.ടി.സി. ബസുകളിലും മാലിന്യം നിക്ഷേപിക്കാൻ വേസ്റ്റ് ബിന്നുകളും, മാലിന്യം വലിച്ചെറിയരുത് എന്ന ബോർഡും സ്ഥാപിക്കാൻ മന്ത്രിമാരായ എം.ബി. രാജേഷിന്റെയും കെ. ബി. ഗണേഷ് കുമാറിന്റെയും നേതൃത്വത്തിൽ ചേർന്ന ഉന്നത യോഗത്തിൽ തീരുമാനം. ഡിപ്പോകളിൽ ആവശ്യമായ വേസ്റ്റ് ബിന്നുകളും മാലിന്യ സംസ്കരണ സംവിധാനങ്ങളും സജ്ജമാക്കും. ജനകീയ ക്യാമ്പയിന് കെഎസ്ആർടിസിയിൽ നിന്ന് മികച്ച സഹകരണമാണ് ലഭിക്കുന്നതെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. വൃത്തിയുള്ള ഡിപ്പോകളും ബസുകളും ഉറപ്പാക്കുന്നതുവഴി കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ കെഎസ്ആർടിസിക്ക് കഴിയുമെന്ന് മന്ത്രി കെ.ബി. ഗണേഷ് കുമാർ പറഞ്ഞു. തിരുവനന്തപുരം ഉൾപ്പെടെയുള്ള പ്രധാന ഡിപ്പോകളിൽ ഇടിപികൾ (എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിക്കും. മൊബൈൽ ഇടിപിയുടെ ലഭ്യതയും തേടും. വാഹനം കഴുകുന്ന വെള്ളം ശുദ്ധീകരിച്ച് പുനരുപയോഗിക്കാനുള്ള സാധ്യത തേടാനും മന്ത്രിമാർ നിർദേശിച്ചു.



കെ.എസ്.ആർ.ടി.സി. നിർദേശിക്കുന്ന യോജ്യമായ സ്ഥലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിച്ചുനൽകും. കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട് ഉത്പാദിപ്പിക്കപ്പെടുന്ന എല്ലാത്തരം മാലിന്യവും നീക്കം ചെയ്യുന്നുവെന്ന് ക്ലീൻ കേരളാ കമ്പനി ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ ഉറപ്പാക്കാനും മന്ത്രിമാർ നിർദേശിച്ചു. സംസ്ഥാനത്തെ 93 ഡിപ്പോകളിൽ 69 ഇടത്ത് നടത്തിയ ഗ്യാപ്പ് അനാലിസിസിന്റെ അടിസ്ഥാനത്തിലായിരുന്നു ചർച്ച.

## കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോ ശുചീകരിച്ചു



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി കാസർകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ മെഗാ ശുചീകരണം നടത്തി. നഗരസഭയുമായി ചേർന്ന് ജനങ്ങളും തൊഴിലാളികളും ജീവനക്കാരും ശുചീകരണത്തിൽ പങ്കാളികളായി. ജൈവമാലിന്യം, പ്ലാസ്റ്റിക്, ഇരുമ്പ്, പേപ്പർ എന്നിവ വേർതിരിച്ച് ശേഖരിച്ചു. നഗരസഭാ ചെയർപേഴ്സൺ അബ്ബാസ് ബീഗം ഉദ്ഘാടനം ചെയ്തു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കെ.ടി.പി. മുരളീധരൻ അധ്യക്ഷനായി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ പ്രവർത്തനം വിശദീകരിച്ചു.




# നിലമ്പൂർ KSRTC ഡിപ്പോയിൽ ശുചീകരണം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി മലപ്പുറം നിലമ്പൂരിൽ കെഎസ്ആർടിസി ഡിപ്പോയിൽ മാലിന്യമുക്തം കെഎസ്ആർടിസി ജനകീയ ക്യാമ്പയിൻ നിലമ്പൂർ നഗരസഭ ചെയർമാൻ മാട്ടുമ്മൽ സലീം ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷനും - നിലമ്പൂർ നഗരസഭയും - കെഎസ്ആർടിസി നിലമ്പൂർ ഡിപ്പോയും - നിലമ്പൂർ ഗവൺമെന്റ് കോളേജിലെ എൻഎസ്എസ് വോളണ്ടിയേഴ്സും സംയുക്തമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. ആരോഗ്യകാര്യ സ്ഥിര സമിതി അധ്യക്ഷൻ കക്കാടൻ റഹീം അധ്യക്ഷത വഹിച്ചു. നിലമ്പൂർ കെഎസ്ആർടിസി ഡിപ്പോയുടെ സൗന്ദര്യവൽക്കരണം നിലമ്പൂർ ഗവൺമെന്റ് കോളേജ് ഏറ്റെടുത്തിട്ടുണ്ടെന്ന് ഗവ. കോളേജ് പ്രിൻസിപ്പൽ ഡോ. സഞ്ജയ് അറിയിച്ചു.

## തൃശ്ശൂർ ജില്ലയിൽ ഒരുങ്ങുന്നു ഹരിത കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ എല്ലാ കെഎസ്ആർടിസി ഡിപ്പോകളും ഹരിത കെഎസ്ആർടിസി ആക്കുന്നതിന്റെ



ഭാഗമായുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. തൃശ്ശൂർ കെഎസ്ആർടിസി ബസ് സ്റ്റാൻഡ് ശുചീകരണം കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.കെ. ഷാജൻ ഉദ്ഘാടനം ചെയ്തു. ബസ് സ്റ്റാന്റും പരിസരവും കോർപ്പറേഷൻ തൊഴിലാളികളുടെയും കെഎസ്ആർടിസി ജീവനക്കാരുടെയും സഹകരണത്തോടെ ശുചീകരിച്ചു. സ്ഥലത്ത് മിനി എംസിഎഫ് സ്ഥാപിച്ചുകൊണ്ട് പാഴ്വസ്തുക്കൾ കൃത്യമായി തരംതിരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ ടേക്ക് എ ബ്രേക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. ജില്ലയിലെ 7 കെഎസ്ആർടിസി ഡിപ്പോകളും ഹരിത ഡിപ്പോകൾ ആക്കുന്നതിനുള്ള വിപുലമായ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഗുരുവായൂർ കെഎസ്ആർടിസി ഡിപ്പോ സുസ്ഥിര ശുചിത്വ സമഗ്ര കെഎസ്ആർടിസി ഡിപ്പോ ആയി ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

## വടകര കെ.എസ്.ആർ.ടി.സി. ഡിപ്പോ ഇനി ഹരിത ഡിപ്പോ

കോഴിക്കോട് വടകരയിലെ കെഎസ്ആർടിസി ഡിപ്പോയിൽ ഹരിത ഡിപ്പോ പ്രവർത്തനം ആരംഭിച്ചു. വടകര നഗരസഭയുമായി ചേർന്ന് ഹരിതകേരളം മിഷന്റെ ഏകോപനത്തിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള ഡിപ്പോ ശുചീകരണത്തിന്റെ ഉദ്ഘാടനം ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ പി.ടി പ്രസാദ് നിർവഹിച്ചു. KSRTC സ്റ്റേഷൻ മാസ്റ്റർ അബ്ദുള്ള അധ്യക്ഷനായി. കെഎസ്ആർടിസി ജീവനക്കാർ,നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ, ഹരിത കർമസേന അംഗങ്ങൾ എന്നിവർ ശുചീകരണത്തിൽ പങ്കാളികളായി. ഡിപ്പോകൾ ശുചീകരിച്ച്




ആവശ്യമായ ജൈവ - അജൈവ, ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക, സൗന്ദര്യവൽക്കരണം നടത്തുക എന്നിവ നടത്തുകയാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

## കുറുമാത്തൂരിൽ ഇനി ഹരിത അങ്കണവാടികൾ

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ 34 അങ്കണവാടികളും ഹരിത അങ്കണവാടി പദവി കൈവരിച്ചതിന്റെ പ്രഖ്യാപനം പൂമംഗലം ശിശു മന്ദിരം അങ്കണവാടിയിൽ ചേർന്ന സദസ്സിൽ നവകേരളം കർമപദ്ധതി അസ്സിസ്റ്റന്റ്



കോർഡിനേറ്റർ ടി.പി. സുധാകരൻ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി.എം. സീന അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ഇൻ ചാർജ് സ്മിത എസ്. ചടങ്ങിൽ സ്വാഗതം പറഞ്ഞു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ കെ.എം. സുനിൽകുമാർ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പാച്ചേനി രാജീവൻ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ ആർ.പി. തുടങ്ങിയവർ പങ്കെടുത്തു. പൂമംഗലം അംഗൻവാടി ടീച്ചർ പി. ഹഫ്സത്ത് ചടങ്ങിന് നന്ദി പറഞ്ഞു.

## മറയൂരിൽ സുസ്ഥിര കരിമ്പ് കൃഷി വിളവെടുപ്പ്



ഹരിതകേരളം മിഷന്റെയും മറയൂർ കൃഷിഭവന്റെയും നേതൃത്വത്തിൽ ശാസ്ത്രീയവും അത്യുൽപാദനശേഷിയുള്ളതുമായ കരിമ്പ് കൃഷി രീതിയായ സുസ്ഥിര കരിമ്പ് കൃഷി (SSI) മാതൃക തോട്ടത്തിൽ ആദ്യ വിളവെടുപ്പ് നടത്തി. പരമ്പരാഗത കരിമ്പ് കൃഷിയിൽ നിന്നും വ്യത്യസ്തമായി കൃത്യമായ അകലത്തിൽ കരിമ്പിൻ തൈകൾ നട്ടു കൃഷി ചെയ്യുന്ന ശാസ്ത്രീയ രീതിയാണ് സുസ്ഥിര കരിമ്പ് കൃഷി മാതൃക. ചെലവ് കുറവും ഇരട്ടി വിളവും നൽകുന്ന ഈ നൂതന കൃഷി രീതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ മറയൂർ, കാന്തല്ലൂർ കേന്ദ്രീകരിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. നിലവിൽ ഈ നൂതന കരിമ്പ് കൃഷി രീതിയിലൂടെ വിജയം കൈവരിച്ച യുവകർഷകരുടെ സംരംഭമായ 'ഓഫ് ദി ഏർത്തിന്റെ ചെറുവാട് ഉള്ള 2 ഏക്കർ മാതൃക കൃഷിയിടത്തിൽ വെച്ചാണ് ആദ്യ വിളവെടുപ്പ് നടന്നത്. മറയൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ആൻസി ആന്റണി, മറയൂർ കാർഷിക വികസന ബാങ്ക് ബോർഡ് മെമ്പർ എസ്. ചന്ദ്രൻ എന്നിവർ സംയുക്തമായി വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു. മാതൃക തോട്ടത്തിൽ നിന്നും വിളവെടുത്ത കരിമ്പ് ഉപയോഗിച്ച് നിർമ്മിച്ച ശർക്കരപ്പടി 'ഓഫ് ദി എർത്ത്' എന്ന പേരിൽ ബ്രാൻഡ് ചെയ്തു വില്പന നടത്തുന്നതിന്റെ ഉദ്ഘാടനം വാർഡ് മെമ്പർ സി. കുട്ടിരാജ് നിർവഹിച്ചു. ഹരിതകേരളം മിഷൻ പ്രോജക്ട് കോർഡിനേറ്റർ ലിജി ജോർജ്, മറയൂർ കൃഷി ഓഫീസർ അലൻ, കാന്തല്ലൂർ കൃഷി ഓഫീസർ ഹുബൈബ്, അഞ്ചുനാട് കരിമ്പ് ഉല്പാദന വിതരണ സംഘം സെക്രട്ടറി റെജി, മറയൂർ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറി ജോർജ് കുഞ്ഞപ്പൻ എന്നിവർ സംബന്ധിച്ചു.

## കൊരങ്ങാട്ടിയിലെ പാടങ്ങൾക്ക് പുതുജീവൻ.

### 1.98 കോടിയുടെ ജലസേചന പദ്ധതിയ്ക്ക് തുടക്കം

ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ ഇടുക്കി അടിമാലി ഗ്രാമപഞ്ചായത്തിലെ കൊരങ്ങാട്ടി പാടശേഖരത്തിൽ നെൽകൃഷിയും ഹരിത ടൂറിസവുമുൾപ്പെടെ സമഗ്ര പദ്ധതി നടപ്പാക്കുന്നു. കൊരങ്ങാട്ടി പാടശേഖരത്തിലെ കർഷകർ നിലവിൽ നേരിടുന്ന വന്യമൃഗ ശല്യം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിച്ചും, മലയോര ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും പ്രാദേശിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണിയും ഉറപ്പു വരുത്തിയും കർഷകർക്ക് കൂടുതൽ സാമ്പത്തിക നേട്ടം ഉറപ്പാക്കിയുമാണ് 'കൊരങ്ങാട്ടി വീണ്ടും നെൽകൃഷിയിലേയ്ക്ക്' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നത്. കൃഷി വിപുലീകരണത്തിന്റെ ഭാഗമായി ജലസേചന വകുപ്പ് അനുവദിച്ച 1.98 കോടി രൂപ ചെലവഴിച്ച് നടപ്പാക്കുന്ന ജലസേചന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ദേവികുളം എംഎൽഎ അഡ്വ. എ. രാജ നിർവഹിച്ചു.



വന്യമൃഗശല്യം ഒഴിവാക്കുന്നതിനുള്ള പദ്ധതി കൃഷി വകുപ്പ്, വനം വകുപ്പ്, കൃഷി വിജ്ഞാൻ കേന്ദ്ര എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അടിമാലി ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതി എന്നിവയിലുൾപ്പെടുത്തി തരിശ് രഹിത പ്രവർത്തനവും പുഷ്പകൃഷി ഉൾപ്പെടെയുള്ള കാർഷിക വൈവിധ്യ പ്രവർത്തനവും കൂടി നടപ്പാക്കി കൊരങ്ങാട്ടിയെ മലയോര കാർഷിക ടൂറിസം കേന്ദ്രമായി വളർത്താനുള്ള പദ്ധതികളും ഉടൻ ആരംഭിക്കാൻ കഴിയും വിധത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. പട്ടികവർഗ ക്ഷേമവകുപ്പ്, ഹോർട്ടി കോർപ്പ് മിഷൻ എന്നിവയുടെ സഹകരണത്തോടെ തേനീച്ച കൃഷി ഉൾപ്പെടെ ഇതോടൊപ്പം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മന്നാംകണ്ടം ഗവ. എച്ച്.എസിൽ നടന്ന ചടങ്ങിൽ അടിമാലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അനസ് ഇബ്രാഹിം അധ്യക്ഷനായിരുന്നു. ഇതോടൊപ്പം 'കുട്ടികളും മാറുന്ന പരിസ്ഥിതിയും' എന്ന വിഷയത്തിൽ കുട്ടികൾക്കായി നടത്തിയ സെമിനാറിന് എസ്.എസ്.കെ. സംസ്ഥാന റിസോഴ്സ് പേഴ്സൺ സി.എ. ഷമീർ നേതൃത്വം നൽകി.



ഇടുക്കി ഓക്സിലിയം സ്കൂൾ കട്ടപ്പനയിലെ നേച്ചർ ക്ലബ് വിദ്യാർത്ഥികളും, സ്കൂൾ അഡ്മിനിസ്ട്രേറ്ററും, ടീച്ചർമാരും ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ശാസ്ത്രീയ മാലിന്യ സംസ്കരണം കണ്ട് പഠിക്കുന്നതിന്റെ ഭാഗമായി ജൈവ-അജൈവ മാലിന്യങ്ങളുടെ സംസ്കരണവും (MCF/RRF, വിൻഡ്രോ കമ്പോസ്റ്റിംഗ്, തുമ്പൂർമുഴി യൂണിറ്റ്) ഹരിത കർമ്മസേന പ്രവർത്തനവും നേരിട്ട് സന്ദർശിച്ചു വിലയിരുത്തി.

## തിരുവമ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിൽ പച്ചതുരുത്ത്



കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി കുടുംബാരോഗ്യകേന്ദ്രത്തെ രോഗീസൗഹൃദവും പ്രകൃതി സൗഹൃദവുമാക്കുന്നതിന് ഹരിതകേരളം മിഷന്റെയും തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെയും കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ജനകീയ പങ്കാളിത്തത്തോടെ പച്ചത്തുരുത്ത് ഒരുക്കി. പച്ചത്തുരുത്തിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോൺസൺ നിർവഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ. കെ.വി. പ്രിയ സ്വാഗതം പറഞ്ഞു. വൈസ് പ്രസിഡന്റ് കെ.എ. അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ പി.ടി. പ്രസാദ് പദ്ധതി വിശദീകരണം നടത്തി.

ജനകീയ പച്ചത്തുരുത്ത് നിർമ്മാണത്തിൽ ജനപ്രതിനിധികൾ, ഹരിതകേരളം മിഷൻ ആർ.പി.മാർ, തിരുവമ്പാടിയിലെ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ക്ലബ്ബുകൾ, വായനശാലകൾ, വിദ്യാലയങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, യുവജന സംഘടനകൾ, മത സംഘടനകൾ, കലാകാരന്മാർ, ആരോഗ്യ പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ, സ്വാശ്രയ സംഘങ്ങൾ, ആശാ പ്രവർത്തകർ, കുടുംബശ്രീ, അംഗനവാടി പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവർ തൈകൾ നട്ടു പങ്കാളികളായി.

## കാസർകോട് ഗവ. കോളേജ് ഇനി ഹരിത കലാലയം



കാസർകോട് ഗവ. കോളേജിൽ മാതൃകാ പച്ചത്തുരുത്ത്, ഹരിത കലാലയ പ്രഖ്യാപനം എന്നീ പരിപാടികൾ എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കലക്ടർ കെ. ഇമ്പശേഖർ ഹരിത കലാലയ പ്രഖ്യാപനം നടത്തി. കോളേജ് പ്രിൻസിപ്പൽ വി.എസ്. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിക്കാൻ കോളേജിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകം വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ബൂത്തുകളിൽ ശേഖരിച്ച് ഹരിത കർമസേനയെ ഏൽപ്പിച്ചു വരുന്നു. ക്യാന്റീനിലെ ഭക്ഷണ അവശിഷ്ടം ബയോഗ്യാസ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. രണ്ടര ഏക്കറോളം വ്യാപിച്ചു കിടക്കുന്ന ജൈവവൈവിധ്യ പാർക്കിൽ 300 ൽ അധികം പുഷ്പ, ഫല സസ്യങ്ങൾ വളരുന്നുണ്ട്. പച്ചത്തുരുത്തിൽ 80 ലധികം അപൂർവ സസ്യങ്ങളും വളരുന്നു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ, വൈസ് പ്രിൻസിപ്പൽ പി.വി. മിനി, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ എ. നീലാംബരൻ, പി.ടി.എ. പ്രസിഡന്റ് എ. പ്രേംജിത്ത്, ഡോ. ഇ.ജെ. ജോസുകുട്ടി, ഡോ. പി. ബിജു തുടങ്ങിയവർ സംസാരിച്ചു. ആസിഫ് ഇഖ്ബാൽ സ്വാഗതവും ഡോ. കെ. ലക്ഷ്മി നന്ദിയും പറഞ്ഞു.

## നെറ്റ്സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ

ആലപ്പുഴ പെരുമ്പളം മാലിന്യമുക്തം നവകേരളം, നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്നീ ക്യാമ്പയിനുകളുടെ ഭാഗമായി പെരുമ്പളം ഗ്രാമപഞ്ചായത്തിൽ ക്ഷീര കർഷകരുടെ യോഗം സംഘടിപ്പിച്ചു. രണ്ടു ക്ഷീര സഹകരണ സംഘങ്ങളിലായുള്ള കർഷകരാണ് യോഗത്തിൽ പങ്കെടുത്തത്. കൃഷി വകുപ്പ്, ക്ഷീര സഹകരണ സംഘം, മൃഗസംരക്ഷണ വകുപ്പ് എന്നിവരെ കൂട്ടിയിണക്കി കൊണ്ടാണ് പദ്ധതി ആവിഷ്കരിക്കുന്നത്. ചാണകം കമ്പോസ്റ്റ് വളമാക്കി മാറ്റുന്ന രീതി, കമ്പോസ്റ്റ് പിറ്റ് നിർമ്മാണ രീതി, പദ്ധതി വിശദീകരണം എന്നിവ എ.ഡി.എ. നൽകി. ചാണകം കെട്ടിക്കിടക്കാതെ അവ വളമാക്കി വിൽകുന്നതിലൂടെ ക്ഷീര കർഷകർക്ക് വരുമാനവും മാലിന്യ നിർമ്മാർജ്ജനം, മീഥേൻ ബഹിർഗമനം കുറയ്ക്കൽ, എന്നിവ സാധ്യമാകും. പ്രസിഡൻറ്, സെക്രട്ടറി, കൃഷി ഓഫീസർ, എ.ഡി.എ., ആർ.പി. എന്നിവർ സംസാരിച്ചു. വെറ്റിനറി ഡോക്ടർ നന്ദി പറഞ്ഞു.

## നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ പ്രവർത്തനം ഏറ്റെടുത്ത് ഒറ്റപ്പാലം നഗരസഭ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനം ഏറ്റെടുത്ത് പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നഗരസഭ കോർ കമ്മിറ്റി യോഗം ചേർന്നു. കെ.എസ്.ഇ.ബി. അധികൃതർ, കൃഷി ഓഫീസർ, കോളേജ് പ്രൊഫസർമാർ, വകുപ്പ് മേധാവികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി നിലവിലുള്ള കോർ കമ്മിറ്റി വിപുലീകരിക്കും. തുടർന്ന്, കാർബൺ സന്തുലിതാവസ്ഥയുടെ ആവശ്യം ജനങ്ങളെ അറിയിക്കാൻ ജനുവരി ഒന്നിന് കൺവെൻഷൻ സംഘടിപ്പിക്കും. വൈദ്യുതി ഉപഭോഗം കുറയ്ക്കൽ, മാലിന്യ സംസ്കരണം, തരിശുരഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡ്, പച്ചത്തുരുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികളാണ് ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്നത്. പ്രാഥമിക പഠനത്തിനു ശേഷം ബയോബിൻ, ഇനോക്കുലം തുടങ്ങിയവയുടെ വിതരണം നഗരസഭ തുടങ്ങിയിട്ടുണ്ട്.

## ജനകീയ ക്യാമ്പയിൽ കൊല്ലം ജില്ലാതല ശിൽപശാല

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക പിന്തുണ നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള ഇടപെടലുകൾ കൊല്ലം ജില്ലയിൽ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കൊട്ടാരക്കര കിലയിൽ ശിൽപ്പശാല സംഘടിപ്പിച്ചു. ജില്ലാതലത്തിൽ ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന എല്ലാ ഏജൻസികൾക്കും ജില്ലാതല ടീമിനും, തദ്ദേശ സ്വയംഭരണ സ്ഥാപനതല ടീമിനുമാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കേരള സ്റ്റേറ്റ് സോളിഡ് വേസ്റ്റ് മാനേജ്മെൻറ് പ്രോജക്റ്റ്, ക്ലീൻകേരള കമ്പനി എന്നിവയിലെ സംസ്ഥാനതല ഉദ്യോഗസ്ഥർ ശിൽപ്പശാലയ്ക്ക് നേതൃത്വം നൽകി.



# ശുചിത്വത്തിനൊപ്പം യുവത : യൂത്ത് മീറ്റ് സംഘടിപ്പിച്ചു

മാലിന്യമുക്തം ജനകീയ ക്യാമ്പയിന്റെ ഭാഗമായി എറണാകുളം വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ യൂത്ത് മീറ്റ് സംഘടിപ്പിച്ചു. ശുചിത്വത്തിനൊപ്പം യുവത എന്ന ക്യാമ്പയിന്റെ ഭാഗമായി പുത്തൻകുരിശിൽ സംഘടിപ്പിച്ച യൂത്ത് മീറ്റ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്തംഗം ബാബു വി.എസ്. അദ്ധ്യക്ഷത വഹിച്ചു. എട്ടാം വാർഡിൽ നടത്തിയ യൂത്ത് മീറ്റിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, എൻഎസ്എസ് വോളണ്ടിയേഴ്സ്, ഹരിത കർമസേന അംഗങ്ങൾ തുടങ്ങിയവർ ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ വാർഡിലെ മുഴുവൻ വീടുകളും കടകളും സ്ഥാപനങ്ങളും സന്ദർശിച്ച് ശുചിത്വ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തി. ബോധവൽക്കരണ നോട്ടീസുകൾ വിതരണം ചെയ്തു.

## അഴൂർ ഗ്രാമപഞ്ചായത്ത് തെങ്ങിന് തടം മണ്ണിന് ജലം

തിരുവനന്തപുരം അഴൂർ ഗ്രാമപഞ്ചായത്തിൽ തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ പഞ്ചായത്ത് പ്രസിഡന്റ് അനിൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കവിത



അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ആർ.പി. പദ്ധതി വിശദീകരിക്കുകയും ചെയ്തു. വാർഡ് മെമ്പർമാർ, എംജി എൻആർജിഎസ് എ.ഇ., തൊഴിലുറപ്പ് അംഗങ്ങൾ, കർഷകർ എന്നിവർ പങ്കെടുത്തു.

## നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് : തെങ്ങിന് തടം മണ്ണിന് ജലം

തിരുവനന്തപുരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ ഉദ്ഘാടനം കരകുളത്ത് നടന്നു. നെടുമങ്ങാട് ബ്ലോക്ക്



പഞ്ചായത്ത് പ്രസിഡന്റ് വി. അമ്പിളി ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കരകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു. ലേഖ റാണി, വാർഡ് മെമ്പർ, തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ, തൊഴിലുറപ്പ് തൊഴിലാളികൾ, മറ്റ് സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# കാണക്കാരിയിൽ 'ആരാമം' ജൈവവൈവിധ്യ ഉദ്യാനം

മാലിന്യങ്ങൾ സ്ഥിരമായി നിക്ഷേപിക്കപ്പെട്ടിരുന്ന സ്ഥലം ജൈവ വൈവിധ്യ ഉദ്യാനം ആയി മാറ്റുന്നതിനുള്ള ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിക്ക് കോട്ടയം ജില്ലയിലെ കാണക്കാരിയിൽ തുടക്കമായി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ ഉൾപ്പെടുത്തി കാണക്കാരി ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തിയാണ് വെമ്പള്ളി ഭാഗത്ത് എം.സി. റോഡിനോട് ചേർന്ന സ്ഥലത്ത് ആരാമം എന്ന പേരിൽ ഉദ്യാനം നിർമ്മിക്കുന്നത്. എം.സി. റോഡ് പുതുക്കി പണിതത് വഴി ഒഴിവായ സ്ഥലം ക്രമേണ കാട് മൂടി മാലിന്യ നിക്ഷേപ കേന്ദ്രമായതോടെ മാലിന്യം തള്ളുന്നത് പതിവായി. മാലിന്യമുക്ത ജില്ലാതല പരിപാടിയായി ഈ പ്രദേശം ഏറ്റെടുക്കുന്നതിന്



കോട്ടയം ജില്ലാ പഞ്ചായത്തും കാണക്കാരി ഗ്രാമപഞ്ചായത്തും തീരുമാനിച്ചു. തുടർന്ന് പ്രദേശ വാസികളുടെ പൂർണ സഹകരണത്തോടെ ആരാമം ജൈവ വൈവിധ്യ ഉദ്യാനത്തിന് രൂപം നൽകി. പദ്ധതി പ്രദേശത്ത് ആദ്യ തൈ നട്ട് ഉഴവൂർ ബ്ലോക്ക് പ്രസിഡന്റ് പി സി കുര്യൻ നിർമ്മാണോദ്ഘാടനം നിർവഹിച്ചു.

## കോഴഞ്ചേരി നേഴ്സിംഗ് കോളേജിൽ ഹരിത ക്യാമ്പസ് പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി പത്തനംതിട്ട കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ എം.ജി.എം. മുത്തൂറ്റ് നഴ്സിംഗ് കോളേജിനെ ഹരിത ക്യാമ്പസായി കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോയ് ഫിലിപ്പ് പ്രഖ്യാപിച്ചു. മാലിന്യ സംസ്കരണം, കൃഷി, ജൈവവൈവിധ്യം, ജലസംരക്ഷണം



തുടങ്ങിയ പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തിയാണ് കോളേജിന് എ ഗ്രേഡ് ലഭിച്ചത്. കോളേജിൽ ആരംഭിച്ച കൃഷിക്ക് മികച്ച സ്ഥാപനതല കൃഷിക്കുള്ള ജില്ലാതല അവാർഡ് ലഭിക്കുകയും ചെയ്തു. ക്യാമ്പയിൻ വിശദീകരണം ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജി.അനിൽ കുമാർ നിർവഹിച്ചു. വാർഡ് മെമ്പർ ഗീതു മുരളി അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ.സിസി ജോസഫ്, പ്രോഗ്രാം ഓഫീസർ പ്രൊഫ. സ്കറിയാ കോശി, ഹരിതകേരളം മിഷൻ ആർ.പി ഗോകുൽ, അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## പൊന്നാനിയിൽ മാലിന്യമുക്ത കെ.എസ്.ആർ.ടി.സി. ക്യാമ്പയിൻ

മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി മാലിന്യമുക്ത കെ.എസ്.ആർ.ടി.സി. എന്ന ക്യാമ്പയിനിനോടനുബന്ധിച്ച് മലപ്പുറം പൊന്നാനി മുനിസിപ്പാലിറ്റി, ഹരിതകേരളം മിഷൻ എന്നിവയുടെ നേതൃത്വത്തിൽ



പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോയും പരിസരവും വൃത്തിയാക്കി. പരിപാടിയുടെ ഉദ്ഘാടനം പൊന്നാനി നഗരസഭ ചെയർമാൻ ശിവദാസ് ആറ്റുപുറം നിർവ്വഹിച്ചു. പൊന്നാനി ഡിപ്പോ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ അനസ് എം കെ അധ്യക്ഷത വഹിച്ചു. ഡിപ്പോയും പരിസരവും ശുചീകരിക്കുന്നതിന് മുഴുവൻ കെ.എസ്.ആർ.ടി.സി. ജീവനക്കാരും - നഗരസഭ ശുചീകരണ വിഭാഗം ജീവനക്കാരും പങ്കാളികളായി.







## ഇടുക്കി നീർച്ചാലുകളുടെ മാപ്പിംഗ് അവസാനഘട്ടത്തിൽ

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246